**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2241** **09-02-2023 - ൽ മറുപടിയ്ക്ക്**

**ജനകീയാസൂത്രണ പ്രക്രിയകൾ സുതാര്യമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ വി ജോയി,<br>ശ്രീമതി കാനത്തിൽ ജമീല | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജനകീയാസൂത്രണ പ്രക്രിയകൾ സുതാര്യവും സുദൃഢവുമായി നടപ്പാക്കുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ച പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ജനകീയാസൂത്രണ പ്രക്രിയ സുതാര്യവും സുദൃഢവുമാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിലേക്ക് പിൻതുടരേണ്ട ആസൂത്രണ മാർഗ്ഗരേഖകളും സബ്സിഡി മാർഗരേഖയും സമഗ്രമായി പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു. കേരളത്തിന്റെ സുസ്ഥിര വികസനം ലക്ഷ്യമാക്കി ഉല്പാദനം, ഉല്പാദന ക്ഷമത എന്നിവ വർദ്ധിപ്പിക്കുക, തൊഴിൽ സൃഷ്ടി ഉറപ്പാക്കുക, അതിജീവനക്ഷമത വർദ്ധിപ്പിക്കുക, ദാരിദ്ര്യം ഇല്ലാതാക്കുക, സാമൂഹ്യനീതിയും ലിംഗസമത്വവും ഉറപ്പാക്കുക, ഉയർന്ന ഗുണനിലവാരമുള്ള പശ്ചാത്തല സൗകര്യങ്ങൾ, മാലിന്യ നിർമ്മാർജ്ജനം, ജനസൗഹൃദ സദ്ഭരണം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളിലെ പുരോഗതി എന്നിവ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ മുഖ്യ ലക്ഷ്യങ്ങളാണ്. പ്രാദേശിക സാമ്പത്തിക വികസനത്തിനും തൊഴിൽ സൃഷ്ടിക്കും സാമൂഹ്യ സുരക്ഷയ്ക്കും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുമായി പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ജനകീയ കൂട്ടായ്മയിലൂടെ അതിദരിദ്രരെ കണ്ടെത്തി അവർക്കായി പ്രത്യേകം മൈക്രോപ്ലാനുകൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. സേവനങ്ങൾക്കായി ആഫീസുകളിൽ എത്താൻ കഴിയാത്തവർക്കായി അവർക്കാവശ്യമുള്ള അതിജീവന സേവനങ്ങൾ അവരുടെ വീട്ടുപടിക്കൽ എത്തിക്കുന്നതിനായി വാതിൽപ്പടി സേവന പദ്ധതി നടപ്പിലാക്കുകയുണ്ടായി. കാര്യക്ഷമവും പ്രതികരണാത്മകവുമായി സദ്ഭരണം ഉറപ്പാക്കി ജനകീയാസൂത്രണ പ്രക്രിയയിൽ ജനപങ്കാളിത്തവും |

| | | | |
|---|---|---|---|
| | | | സുതാര്യതയും ഉറപ്പാക്കി ജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ വർദ്ധിച്ച ഗുണമേന്മയിലും സമയബന്ധിതവുമായി ലഭിക്കുന്നതിന് ഈ-ഗവേണൻസ് അടക്കമുള്ള വിവര സാങ്കേതിക വിദ്യയിലധിഷ്ഠിതമായ സംവിധാനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഒരുക്കി വരുന്നു. ILGMS ഗ്രാമപഞ്ചായത്തുകളിൽ ഏർപ്പെടുത്തിക്കഴിഞ്ഞു. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും സേവന ഗുണനിലവാരം ISO മാനദണ്ഡ പ്രകാരം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തുകളിലെ ജനപങ്കാളിത്തവും സംവാദാത്മകതയും ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി ഗ്രാമസഭ പോർട്ടൽ എന്ന ഓൺലൈൻ സംവിധാനം വികസിപ്പിച്ചിട്ടുണ്ട്. പ്രസ്തുത പോർട്ടൽ മുഖേന ഓൺലൈൻ ഗ്രാമസഭകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. തദ്ദേശ ഭരണ സ്ഥാപനങ്ങളെ അടിസ്ഥാന യൂണിറ്റായി കണ്ട് നടപ്പിലാക്കുന്നതിനായി നവകേരളം കർമ്മ പദ്ധതി II ന്റെ മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിക്കുകയുണ്ടായി. |
| (ബി) | ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചെടുത്ത ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേൺസ് മാനേജ്മെന്റ് സിസ്റ്റം എന്ന സമഗ്ര സോഫ്റ്റ്-വെയർ സംവിധാനത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഗ്രാമ പഞ്ചായത്തുകളിൽ വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിച്ചുവരുന്ന സോഫ്റ്റ് വെയറുകളെ ഒറ്റ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കുക, പൊതുജനങ്ങൾക്കുള്ള സേവനങ്ങൾ പൂർണ്ണമായും ഓൺലൈൻ വഴി ലഭ്യമാക്കുക, 100 ശതമാനം പേപ്പർലെസ് ഓഫീസുകളായി ഗ്രാമ പഞ്ചായത്തുകളെ മാറ്റുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തി കേരളത്തിലെ മുഴുവൻ ഗ്രാമ പഞ്ചായത്തുകളിലും ഇൻറഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെൻറ് സിസ്റ്റം (ILGMS) നടപ്പാക്കിയിരിക്കുകയാണ്. സോഫ്റ്റ് വെയറിന്റെ പ്രവർത്തനങ്ങൾ വിലയിരുന്നതിന് സംസ്ഥാന തലത്തിൽ ILGMS സ്റ്റേറ്റ് സെൽ രൂപീകരിച്ചിട്ടുണ്ട്. ജില്ലാ തലങ്ങളിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് മോണിട്ടറിംഗ് ഡാഷ്ബോർഡ് ലഭ്യമാക്കി പ്രവർത്തനങ്ങൾ വിലയിരുത്തിവരുന്നു. പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് തലങ്ങളിലും മോണിട്ടറിംഗ് ഡാഷ്ബോർഡ് ലഭ്യമാക്കി പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്. |
| (സി) | നിലവിൽ പ്രവർത്തിച്ചുവരുന്ന സേവന സോഫ്റ്റ്-വെയറിൽ നിന്നും വ്യത്യസ്തമായി എന്തെല്ലാം സൗകര്യങ്ങളാണ് ഇതിൽ ഒരുക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ; | (സി) | ജനന – മരണ – വിവാഹ രജിസ്ട്രേഷൻ നടപടികൾ രേഖപ്പെടുത്തുന്നതിനായി ഓഫ് ലൈനായി പഞ്ചായത്തുകളിൽ പ്രവർത്തിച്ചുവന്നിരുന്ന സോഫ്റ്റ് വെയറാണ് സേവന രജിസ്ട്രേഷൻ. രജിസ്ട്രേഷൻ നടപടികൾക്ക് ശേഷം സിംക്രണൈസേഷൻ കൂടി |

| | | | |
|---|---|---|---|
| | | | നടത്തുന്ന മുറയ്ക്ക് മാത്രമേ പൊതുജനങ്ങൾക്ക് സാക്ഷ്യപത്രങ്ങൾ ഓൺലൈനായി ലഭ്യമായിരുന്നുള്ളൂ. നിലവിൽ പ്രവർത്തിച്ചുവരുന്ന സേവന സിവിൽ രജിസ്ട്രേഷനിൽ ILGMS –മായി ബന്ധിപ്പിച്ചിട്ടുണ്ട്. സേവന പെൻഷൻ സോഫ്റ്റ് വെയർ നിലവിൽ ഉള്ള രീതിയിൽ തന്നെ തുടർന്ന് വരുന്നു. ILGMS ഏർപ്പെടുത്തിയതോടെ, രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായാലുടൻ തന്നെ വിവരങ്ങൾ ഓൺലൈനായി പൊതുജനങ്ങൾക്ക് ലഭ്യമായി വരുന്നു. ഓൺലൈനായി അപേക്ഷിക്കാനുള്ള സൗകര്യവും ILGMS ന്റെ സിറ്റിസൺ സർവീസ് പോർട്ടലിൽ (CSP) ലഭ്യമാണ്. |
| (ഡി) | ഫയലുകൾ വെബ് ബെയ്സ്ഡ് ആകുന്നതോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഫീസ് പ്രവർത്തനങ്ങൾ കൂടുതൽ ഗുണകരവും കാര്യക്ഷമവും പൗര സൗഹൃദവുമായി മാറുമെന്നും അതുവഴി കൂടുതൽ സുതാര്യത കൈവരിക്കാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ഡി) | ഉണ്ട്. വെബ് ബെയ്സ്ഡ് ആകുന്നതോടെ സേവനങ്ങൾ ഒരു കുടക്കീഴിൽ മുഴുവൻസമയവും പൊതുജനങ്ങളുടെ വിരൽ തുമ്പിൽ ലഭ്യമാകുന്നതിനും സേവനങ്ങൾക്ക് ഓൺലൈനായി അപേക്ഷിക്കുന്നതിനും തുക ഒടുക്കുന്നതിനും സാധിക്കുന്നതാണ്. ഫയലുകൾ വെബ് ബേസ്ഡ് ആയി മാറുന്നതോടെ ഓഫീസുകൾ പൂർണ്ണമായും പേപ്പർലെസ്സായി മാറുന്നതാണ്. മാത്രമല്ല, ജനങ്ങൾക്ക് യഥാ സമയത്തെ ഫയലിന്റെ സ്ഥിതി, പെർഫോമൻസ് ഓഡിറ്റ് തലം മുതൽ സംസ്ഥാന തലം വരെയുള്ള മോണിട്ടറിംഗ്, ഫയൽ വ്യൂ ഫയലുകൾ നഷ്ടപ്പെടാനോ, പൂഴ്ത്തിവെയ്ക്കപ്പെടാനോ ഉള്ള സാധ്യതകൾ ഇല്ലാതാകൽ, 24 മണിക്കൂറും സേവനങ്ങൾ ലഭ്യമാക്കൽ തുടങ്ങിയ സൗകര്യങ്ങൾ ലഭ്യമായതിനാൽ തദ്ദേശ ഭരണ കാര്യാലയങ്ങളും, അവ നൽകുന്ന സേവനങ്ങളും പൂർണ്ണമായും സുതാര്യമാകുന്ന തരത്തിലുള്ള നേട്ടമാണ് കൈവരിക്കാൻ സാധിക്കുന്നത്. തദ്ദേശ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾ മുഖേനയുള്ള ധനസഹായം ഓൺലൈൻ സംവിധാനങ്ങളിലൂടെ നേരിട്ട് ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ലഭ്യമാക്കുന്നുണ്ട്. തദ്ദേശ സ്ഥാപനങ്ങളുടെ കമ്മിറ്റി തീരുമാനങ്ങൾ സകർമ്മ സോഫ്റ്റ് വെയറിൽ അപ്ലോഡ് ചെയ്ത് സൂക്ഷിക്കുന്നു. ആയത് പൊതുജനത്തിന് ഓൺലൈൻ ആയി ലഭ്യമാണ്. ആയത് ഓഫീസ് പ്രവർത്തനങ്ങൾ കൂടുതൽ വേഗത്തിലും കാര്യക്ഷമവും പൗരസൗഹൃദവുമായി മാറ്റുകയും നടപടിക്രമങ്ങൾ സുതാര്യമാക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ